# ന്യൂയോർക്ക് ഭക്ഷ്യമേളയിൽ ഇന്ത്യൻ നാളികേര ഉത്പന്നങ്ങൾക്ക് പ്രിയം

കൊച്ചി: അമേരിക്കയിലെ ന്യൂയോർക്ക് സിറ്റിയിൽ നടന്ന സമ്മർ ഫാൻസി ഫുഡ് ഷോയിൽ നാളികേര വികസന ബോർഡ് പങ്കെടുത്ത വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ ഭക്ഷ്യ പ്രദർശനമായിരുന്നു ഇത്. നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. കെ.മുരളീധരനാണ് ബോർഡിനെ പ്രതിനിധീകരിച്ച് മേളയിൽ പങ്കെടുത്തത്. അമേരിക്കയിലെ കോൺസൽ ജനറൽ ധ്യാനേശ്വർ മുളെ ആണ് ബോർഡിന്റെ സ്റ്റാൾ ഉദ്ഘാടനം ചെയ്തത്. ഇന്ത്യൻ നാളികേര ഉത്പന്നങ്ങളെക്കുറിച്ച് ധാരാളം അന്വേഷണങ്ങൾ ഉണ്ടായിരുന്നു. പ്രത്യേകിച്ചും കരിക്കിൻ വെള്ളം, കോക്കനട്ട് ക്രീം, കോക്കനട്ട് മിൽക്ക്, കോക്കനട്ട് മിൽക്ക് പൗഡർ, വിർജിൻ കോക്കനട്ട് ഓയിൽ എന്നിവയെ ക്കുറിച്ചായിരുന്നു അന്വേഷണം. മൂല്യ വർധിത ഉത്പന്നങ്ങൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു. തമിഴ്നാട്ടിലെ വിവിഡി&സൺസ് പ്രൈവറ്റ് ലിമിറ്റഡ് ബോർഡിന്റെ കീഴിൽ അണിനിരന്നു.

ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനാണ് നാളികേര ബോർഡിന്റെ പ്രാതിനിധ്യം ഇന്ത്യൻ പവലിയൻ എന്ന ബാനറിന്റെ കീഴിൽ സംഘടിപ്പിച്ചത്. നാളികേര ഉത്പന്നങ്ങളെ കൂടാതെ വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ ഭക്ഷ്യ ഉത്പന്നങ്ങളും സുഗന്ധ വ്യഞ്ജനം, അരി, ഫാസ്റ്റ് ഫുഡ്, ബേക്കറി, അച്ചാറുകൾ, ജാം, തേൻ മുതലായവ വിവിധ തരം ഉത്പന്നങ്ങളും പവലിയനിൽ പ്രദർശിപ്പിച്ചിരുന്നു.